Week -3

# Weekly devotion - September 2017

# The Judgement upon Sin

( പാപത്തിന്മേലുള്ള ന്യായവിധി)




ഒരിക്കൽ വിശപ്പിന് ആഹാരം വാങ്ങുവാനായി മോഷണം നടത്തിയ ബാലനെ പോലീസ് പിടിച്ചു. ഉള്ളകാര്യം പറഞ്ഞവനെ അവർദുർഗുണ പാഠശാലയിലാക്കി. ഈ പാഠശാലയിലെ പരിജ്ഞാനം അവനെ പാപ പ്രവർത്തികളിൽ പരിജ്ഞാനമുള്ളവനാക്കിയതിനാൽഒരു High – Tech മോഷ്ടാവായിതന്റെ കൂട്ടുകാരോടൊപ്പം പുറംലോകത്തിലേക്കിറങ്ങി.കൂട്ടുകാരുടെ ഉപദേശം അവനെ പാപ വഴിയിലെത്തിച്ചു.

ദൈവവചനം കേട്ട് ഹൃദയത്തിൽ സൂക്ഷിക്കുന്നവർക്കേ ദൈവീക പരിജ്ഞാനം ലഭിക്കുകയുള്ളൂ യോഹ: (12:47,48) വാക്യങ്ങളിൽ വചനം കേട്ട് പ്രമാണിക്കുന്നവനും, വചനം തള്ളിക്കളയുന്നവനും പാപം ചെയ്യുന്നവരാകായാൽതന്റെവചനം നിമിത്തം യഹോവ ഇവരെ ന്യായം വിധിക്കുമെന്ന് കാണാം. കൂടാതെ യഹോവയോട് മത്സരിക്കുന്നവരും അവനെ കോപിപ്പിക്കുന്നവരും വെളിച്ചമാകുന്നവനിൽ നിന്നകന്ന് പാപം ചെയ്യുന്നതിനാൽ അവരുടെമേലും ന്യായവിധി ഉണ്ടാകുമെന്ന്കാണാം. ഈ വിധത്തിലുള്ളവർ പാപ പരിജ്ഞാനികളാണ് ഈ ജ്ഞാനം അവർക്ക് നൽകുന്നത് പിശാചാണ്. ഓരോ പാപപ്രവർത്തിയും മനുഷ്യനെ ഇരുട്ടറയിലേക്ക് തള്ളുമ്പോൾ പുറത്തിറങ്ങുവാൻ കഴിയാത്ത വിധം പാപച്ചങ്ങലയാൽ അവൻ ബന്ധിതനാകുന്നു. പാപകല്ലറയില്ലാകുന്നവന് ജീവനില്ല.

കാരണം പുത്രൻ ഉള്ളിലുള്ളവനേ ജീവനുള്ളൂഎന്ന്വചനം പഠിപ്പിക്കുന്നു. കല്ലറയുടെഇരുട്ടറയിൽമലിനത ഉള്ളതിനാൽദുർഗന്ധവും ഉണ്ട്. അപ്പന്റെഅടുക്കലേക്ക്മടങ്ങി വന്ന മകന് ലഭിച്ച സ്വീകരണം കണ്ട് കോപിച്ച ജ്യേഷ്ഠനോട് പിതാവ് പറയുന്നത് ശ്രദ്ധിക്കുക"ഈ നിന്റെ സഹോദരൻ മരിച്ചവനായിരുന്നു. വീണ്ടുംജീവിച്ചിരിക്കുന്നു". അതേ പിതാവിൽ(ദൈവത്തിൽ) നിന്നകന്നവൻ മരിച്ചവനാണ്. എന്നാൽമടങ്ങി വന്നവൻ വീണ്ടും ജീവൻ ലഭിച്ച അവസ്ഥയിലാകുന്നു. ഏങ്ങനെയാണ് ധൂർത്തപുത്രന് ജീവൻ വന്നത്? അവന് സുബോധം എപ്പേൾ വന്നോ അപ്പോൾ അപ്പന്റെ സ്നേഹം വെളിച്ചമായി അവന്റെ ഉള്ളിലെത്തി. തുടർന്ന്അവനെ ശുദ്ധിയുള്ളവനാക്കിതീർക്കുവാൻ വേലക്കാർക്ക് നിർദ്ദേശം നൽകി. അനേകർ ജീവനുള്ളവർഎന്ന് തോന്നുമ്പോഴും മരിച്ച അവസ്ഥയിൽ നമുക്ക്ചുറ്റുമുണ്ട്.ഇവരെ ജീവൻ പ്രാപിപ്പാനും ശുദ്ധിയുള്ളവരാകുവാനും സഹായിപ്പാൻ നമുക്ക് കഴിയുമോ?

ടദൈവം കൂട്ടിക്കൊണ്ടുവന്നാക്കുന്നിടം വെളിച്ചമുള്ളിടമാണ്. ആദാംവെളിച്ചത്തിൽ നടന്നവനാണ്. എന്നാൽഇരുട്ട്ജീവിതത്തിൽവന്നത് അനുസരണക്കേട്ചെയ്യുവാനുള്ള തന്ത്രവുമായി സാത്താൻ വന്നപ്പോഴാണ്ഉല്പ: (2:16,17) വാക്യങ്ങളിൽദൈവം നൽകിയവചനം തന്നെ അവരുടെ ന്യായവിധിക്ക്കാരണമായി. പാപത്തിന്റെഇരുട്ടിലായപ്പോൾ

യഹോവവന്നു----ഉല്പ:(3:8)

യഹോവവിളിച്ചു --ഉല്പ:(3:9)

യഹോവചോദിച്ചു---ഉല്പ: (3:10)

വചനത്താൽ ന്യായംവിധിച്ചു --ഉല്പ:(3:11)

അവർവെളിച്ചത്തിൽ നിന്ന് പുറത്തായി --ഉല്പ (3:23-24)

ആദാംവെളിച്ചത്തിൽ നിന്ന് ഇരുട്ടിലായെങ്കിൽ ഗദരദേശത്തെ ദൂതഗ്രസ്ഥൻ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് എത്തുവാൻ യഹോവ സഹായിച്ചു. ഒരു ചങ്ങലയ്ക്കുംഅവനെ കീഴ്പ്പെടുത്തുവാൻ സാദ്ധ്യമല്ലായിരുന്നു. ദൂതബാധിതനായി ശവക്കോട്ടയിൽ പാർത്തിരുന്നവനാണെങ്കിലും യേശു അവന്റെ ഉള്ളത്തിലെ കരച്ചിലിന്റെ ശബ്ദംകേട്ടു. പ്രതിബന്ധങ്ങൾ കീഴ്പ്പെടുത്തി യേശു അവിടെഎത്തി മാർക്കോ:

(4:36-41) വായിക്കുക. ഇരുട്ടിൽ വസിക്കുന്ന പാപി യഥാർത്ഥത്തിൽ സ്വയം മുറി വേൽപ്പിക്കുന്നവനാണ്. കൂടാതെ ആർക്കും മെരുക്കുവാൻ കഴിയാത്തവനും ആയി രുന്നു. Read മർക്കോ:(5:1-24) എന്നിട്ടും അവൻ യേശുവിനെ ദൂരത്തു നിന്ന് കണ്ട് മനസ്സിലാക്കി ഓടിച്ചെന്ന് അവനെ നമസ്കരിച്ചു. വെളിച്ചമാകുന്ന ക്രിസ്തു വിന്റെകൂടെ നടക്കുന്നവർ എന്നഭിമാനിച്ച ശിഷ്യന്മാർയേശുവിനെ തിരിച്ചറിയാഞ്ഞ രണ്ട് അവസരം ഒന്ന് നോക്കുക (1) മർക്കോ :(6:49), യോഹ (21:4) നാമും ഈ കൂട്ട ത്തിലാണോ ?

അവനിലെ വ്യക്തിത്വം വിഭജിക്കപ്പെട്ടതായിരുന്നു. പാപം നമ്മെ വിഭജി തവ്യക്തിത്വമുള്ളവരാക്കിമാറ്റുന്നത് വെളിച്ചത്തിൽ നിന്നകലുമ്പോഴാണ്. യേശുവച നത്താൽ നമ്മെ ന്യായവിധിക്കുമെന്നോർക്കുക 1 കൊരി:(4:5) ൽ പറയുന്നു അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കുമെന്ന്. വെളിച്ചം ഉള്ളിലാക്കിയവന് യേശു ദൗത്യവുംഏൽപ്പിച്ചു, ( മർക്കോ :5:19-20) എല്ലാവരും ആശ്ചര്യപ്പെടുമാറ്യേശു പ്രവർത്തിച്ചു.

പ്രിയരേ ! ലോകം നമ്മെ ഇരുട്ടിലാക്കുംഎന്ന്അറിയുകവചനം ഉള്ളിൽസ്വീകരി ക്കുക. വെളിച്ചത്തിലായി അവൻ ഏൽപ്പിക്കുന്ന ദൗത്യംസ്വീകരിപ്പാൻ യോഗ്യരാക്കുക. ദൈവംകൃപ ചെയ്യട്ടെ

**<u>പ്രാർത്ഥന</u>**

പിതാവിന്റെ ഹിതപ്രകാരം ഞങ്ങളോടു സംസാരിക്കുന്ന പുത്രനാം ക്രിസ്തുവേ ! അങ്ങയുടെ ശബ്ദം കേട്ട് അനുസരണമുള്ളവരായി വെളിച്ചത്തിൽ നടപ്പാൻ കൃപചെയ്യേണമേ. വചനം ഞങ്ങൾക്ക് തന്നതിനായി സ്തോത്രം. വചനത്താൽ ന്യായം വിധിക്കുന്നവന്റെ മുൻപിൽ നില്പാൻ വചനം സ്വീകരിച്ച് മുൻപോട്ടു പോകുവാൻ സഹായിക്കേണമേ.

ആമേൻ.

**<u>Santhamma Varghese</u>**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind